# MALAYALAM

## ( COMPULSORY )

*Time allowed :* ***Three*** *Hours*

*Maximum Marks :* ***300***

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM*** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the answer book must be clearly struck off.*

---

**Q1. താഴെ കൊടുത്തിട്ടുള്ള വിഷയങ്ങളെക്കുറിച്ച് 300 വാക്കിൽ കവിയാതെ ലഘുപന്യാസമെഴുതുക.** *50×2=100*

(a) എത്രകാലം ജീവിച്ചു എന്നുള്ളതല്ല, ഏതു പ്രവൃത്തികളിൽ ജീവിക്കുന്നു എന്നതാണ് പ്രധാനം.

(b) നീതിയില്ലാതെ ഒരു സമുദായത്തിനും നില നിൽക്കാനാവതില്ല.

Q2. **താഴെ നൽകുന്ന ഗദ്യഭാഗം വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്കു് സ്ഫുടവും സൂക്ഷ്മവും ആയ ഉത്തരങ്ങൾ ചുരുക്കി എഴുതുക.** *10×6=60*

പത്രപ്രവർത്തകർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഭരണാധികാരികൾക്കു് വളരെ ആശ്വാസം കൊടുക്കുന്നു. ഇതുവഴി പത്രമാധ്യമത്തിന്റെ ശക്തി കുറഞ്ഞുകിട്ടും. ഒരേ ശബ്ദത്തിൽ ഇവ സംസാരിക്കുന്നില്ല എന്നു വരുമല്ലോ. അങ്ങനെ ആവുന്നത്ര ഉച്ചത്തിലാവില്ല അതിന്റെ ശബ്ദം. ഇതു് കേൾക്കുന്നവരുടെ പരിധി കുറഞ്ഞു കുറഞ്ഞു വന്നുകൊള്ളുമല്ലോ. അങ്ങനെ പത്രങ്ങളുടെ കരുത്തും കുറഞ്ഞുകൊള്ളും. ഏറെ വിറ്റുപോയിട്ട് ഏറ്റവും കൂടുതൽ പണം നേടുന്നതോ ഏറ്റവും കൂടുതൽ പ്രചാരം നേടുന്നതോ അല്ല പലപ്പോഴും പത്രത്തിന്റെ ശക്തിയെ നിർണയിക്കുന്നതു്. അതങ്ങനെ വിശദീകരണത്തിനു വഴങ്ങാത്തതാണ്.

പത്രപ്രചാരമെന്നതു് ചില ഔർബല്യങ്ങളുടെ, പൊതുജനങ്ങളുടെ പൊങ്ങച്ചത്തെ, താലോലിക്കാനുള്ള സന്നദ്ധതയുടെ നേർക്കു ചൊരിയുന്ന ആനുകൂല്യം, കപ്പംകൊടുക്കൽ, ആകാറുണ്ടു്. സിനിമയുടെ ബോക്സോഫീസ് വിജയം പോലെ. സിനിമ ആരെ കാണിക്കാനാണോ എടുത്തതു് ആ കൂട്ടത്തിന്റെ സ്വഭാവം അനുസരിച്ചിരിക്കും സിനിമയിൽ നിന്നുണ്ടാക്കാവുന്ന പണത്തിന്റെ അളവും. ഒരു സിനിമയുടെ സാമ്പത്തിക വിജയം എന്നതു് കലാപൂർണതയിലുള്ള വിജയത്തിൽ നിന്നു് അത്യന്തഭിന്നമായിരിക്കാം. ആൾക്കൂട്ടത്തിനു ചേർന്നതല്ല കലാസ്വാദനത്തിനുള്ള സജ്ജീകരണം. എണ്ണത്തിന്റെ കാര്യത്തിൽ ശക്തമല്ലാത്ത ഒരു 'ഉയർന്ന' കൂട്ടർക്കു മാത്രം പലപ്പോഴും കൈവരുന്ന സിദ്ധിയാണതു്. അനുഗൃഹീതരായ ചിലരുടെ സൂക്ഷ്മസംവേദനസിദ്ധിയും അഭ്യാസവും രുചിയും കുറഞ്ഞ ഏറെപ്പേരുടെ ഉൾക്കൊള്ളാനും രസിക്കാനുമുള്ള കഴിവും തമ്മിൽ പലപ്പോഴും വൈരുധ്യമുണ്ടായിരിക്കും. രണ്ടാമതു പറഞ്ഞകൂട്ടരുടെ രസവാസനകളെ പരിഷ്കരിക്കുക എന്നതിലാണു് പത്രങ്ങളുടെ എന്നപോലെ സിനിമകളുടെയും ശിക്ഷണപരമായ

ഉദ്യമങ്ങളുടെ പ്രമുഖമായ പങ്ക്. രണ്ടിന്റെയും പരിശ്രമങ്ങൾ ഒരേ തരത്തിലാണ്. രണ്ടിനും ഉണ്ടാകാവുന്ന പ്രലോഭനങ്ങളും ഒരേ വകുപ്പിലുള്ളവ തന്നെ.

(i) ഏതുരണ്ടുകാര്യങ്ങളെയാണ് എഴുത്തുകാരൻ ഇവിടെ താരതമ്യം ചെയ്യുന്നത് ? *10*

(ii) തങ്ങളോടു് പരിഗണന കാണിക്കുന്ന പത്രങ്ങളോട് പൊതുജനത്തിന്റെ പ്രതികരണം എന്താണ് ? *10*

(iii) ഏതു 'സജ്ജീകര'ണത്തെക്കുറിച്ചാണ് എഴുത്തുകാരൻ പരാമർശിക്കുന്നത് ? *10*

(iv) എഴുത്തുകാരന്റെ പക്ഷത്തിൽ വൃത്താന്ത പത്രങ്ങളുടെ പ്രവർത്തനലക്ഷ്യമെന്തായിരിക്കണം ? *10*

(v) ആരെയാണ് എഴുത്തുകാരൻ അംഗീകരിക്കാത്തത് ? *10*

(vi) പത്രങ്ങളുടെ സ്വഭാവത്തെപ്പറ്റി തെറ്റായചിത്രം ഉണ്ടാകുന്നതിന് ഇടയാകുന്നത് എന്തു കൊണ്ട് ? *10*

**Q3. താഴെ നൽകുന്ന ഗദ്യഭാഗം മൂന്നിൽ ഒന്നായി സംഗ്രഹിച്ചെഴുതുക. സംക്ഷേപണത്തിന് ഒരു ശീർഷകം നൽകേണ്ടതില്ല. [നിർദ്ദേശിച്ച എണ്ണം വാക്കുകളിൽ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു കുറയ്ക്കും]** *60*

'ദേശം', 'ദേശരാഷ്ട്രം'എന്ന സങ്കല്പങ്ങളെക്കുറിച്ച് സമകാലീക ലോകത്ത് പരക്കെ ഒരു ആശയകാലുഷ്യം ഉണ്ട്. ഇവയിൽ ദേശരാഷ്ട്രം എന്താണെന്നു നിർവചിക്കുക എളുപ്പമാണ്. ലോകത്തെ രാഷ്ട്രീയ സംവിധാനക്രമത്തിൽ അടിസ്ഥാനഘടകങ്ങൾ അതാണല്ലോ. അവ, മിക്കവയും പരമാധികാരരാഷ്ട്രങ്ങളും ആകാറുണ്ട്. ഐക്യ രാഷ്ട്രസഭയിൽ ഇത്തരം പരമാധികാരരാഷ്ട്രങ്ങൾക്കാണ് അംഗത്വം കിട്ടാറുള്ളതും. 'രാജ്യങ്ങൾ' എന്നു പറഞ്ഞു വരാറുള്ളവയും ഇവ തന്നെ. ഇവയെ സ്റ്റേറ്റ് എന്നു പറഞ്ഞാൽ മതിയായിരുന്നു. എന്നാൽ സ്റ്റേറ്റ് അഥവാ സംസ്ഥാനം എന്ന പേർ പലരാജ്യങ്ങളിലും അവയുടെ ഘടകങ്ങളെക്കുറിക്കുന്ന വാക്കായിപ്പോയി എന്ന കുഴപ്പമുണ്ട്.

മിക്ക ദേശരാഷ്ട്രങ്ങളും സ്വയം ദേശങ്ങളാണു് എന്നു പറയാറുണ്ടു്. എങ്കിൽ നമുക്കെന്തുകൊണ്ടു് അവയെ മുഖവിലയ്ക്കു തന്നെ എടുത്തുകൊണ്ടു് ദേശവും ദേശരാഷ്ട്രവും ഒന്നു തന്നെ എന്നു സമ്മതിച്ചുകൂടാ ? ഇതു സാധ്യമല്ല. എന്തെന്നാൽ രണ്ടും വ്യത്യസ്തതലത്തിലുള്ള അമൂർത്തവൽക്കരണങ്ങളാണെന്നതു തന്നെ. ദേശരാഷ്ട്രമെന്നതു് നിയമപരമായി നിർവചിച്ച ഒരു ഏകകമാകുന്നു. എന്നാൽ ദേശമെന്നതു് ജനതയാണു്. ആധുനികകാലത്തു് ഓരോ ജനതയും സ്വയം ദേശമായി കരുതുന്നുവെങ്കിൽ ദേശരാഷ്ട്ര പദവിക്കായി ആശിക്കുന്നു, തുടിക്കുന്നു. ദേശമെന്നതും ദേശരാഷ്ട്രമെന്നതും ഒന്നുതന്നെയാക്കാൻ വെമ്പുന്നു. എന്നാൽ അത്തരം ഓരോ ജനതയ്ക്കും ഒരോ ദേശരാഷ്ട്രമായി നിലകൊള്ളാനുള്ള അവസരം ഒത്തു വരുന്നുമില്ല. സോവിയറ്റുയൂണിയൻ ഉണ്ടായിരുന്നപ്പോൾ അതിൽ അംഗങ്ങളായിരുന്ന ജോർജിയ, ലിത്തൂണിയ, ഉക്രേൻ എന്നീ ജനതകൾ വ്യത്യസ്ത ദേശങ്ങളായിരുന്നു എന്നു് മിക്ക നിരീക്ഷകരും സമ്മതിച്ചിരുന്നു - ഇവ വ്യത്യസ്തദേശങ്ങളായി പിരിഞ്ഞു പോകും മുമ്പുതന്നെ. ഈ ജനത ഓരോന്നിനും വെവ്വേറെ ഭൂഭാഗങ്ങളിൽ ഒതുങ്ങുന്ന ദേശങ്ങൾ ഉണ്ടായിരുന്നു. ഇതു തന്നെയാണു് സ്കോട്ട്ലണ്ടിന്റെ സ്ഥിതിയും. വ്യത്യസ്ത ദേശരാഷ്ട്രമല്ലാത്ത ഈ ഭൂഭാഗത്തെ ജനത തങ്ങളുടേതു് ഒരു വേറിട്ട ദേശമാണെന്നു കരുതുന്നു. അതംഗീകരിച്ചുകിട്ടാൻ ആ ദേശത്തെ ആളുകൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അല്പമൊന്നു മാറ്റിപ്പറഞ്ഞാൽ സ്വയം ഭരണത്തിനുള്ള ആകാംക്ഷ മാത്രം മതി ഒരു ജനതയെ ദേശമെന്ന സ്ഥിതിയിൽ ആക്കിത്തീർക്കാൻ. നവീന ദേശരാഷ്ട്രങ്ങൾക്കു സദൃശമായ പുറംസ്വഭാവങ്ങളെങ്കിലുമുള്ള ജനത പണ്ടേ ഉണ്ടായിരുന്നു. ചൈനയിലും ഇന്ത്യയിലും മെഡിറ്ററേനിയൻ ദേശത്തും ഓരോരോ മേലാളരുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾ ഏതാണ്ടു് ഒരോ ദേശരാഷ്ട്രമായി നിലകൊണ്ടു. ഇവ പുതിയകാലത്തു് പതുക്കെപ്പതുക്കെ ദേശരാഷ്ട്രങ്ങളായിത്തീരുകയാണുണ്ടായതു്. ഈ പഴയ ദേശരാഷ്ട്രങ്ങളുടെ ചിലചില സ്വഭാവങ്ങൾ പുതിയ കാലത്തിലേക്കും പകർന്നുവന്നിട്ടുണ്ടു്. ഒരോരോ രാജകുലങ്ങൾ സ്ഥാപിച്ച സാമ്രാജ്യങ്ങളായിരുന്നുവല്ലോ

ആസ്ട്രോ-ഹംഗേറിയൻ, റഷ്യൻ, ഓട്ടോമൻ തുടങ്ങിയ മഹാരാജ്യങ്ങൾ. ഇവ 1917/18 വരെ തുടരുകയും ഉണ്ടായി. ഇവയിലെ ജനങ്ങൾക്കു പക്ഷേ പൊതുവായി ഏക ജനതയാണു് തങ്ങൾ എന്ന തോന്നൽ ഉണ്ടായിരുന്നില്ലതാനും. സോവിയറ്റ് യൂണിയൻ 1991 വരെ നിലനിന്നതു് പഴയ റഷ്യൻ സാമ്രാജ്യത്തിന്റെ പലസ്വഭാവങ്ങളും ഉൾക്കൊണ്ടുകൊണ്ടായിരുന്നുവല്ലോ. ഭരണ ഘടനാപരമായി വ്യത്യസ്ത ജനതാദേശങ്ങളെ ഒന്നിച്ചുൾക്കൊള്ളുന്ന രാഷ്ട്രമായിരുന്നു. ദേശവും ദേശരാഷ്ട്രവും വേറിട്ടുനിൽക്കുന്ന ഉദാഹരണങ്ങൾ ഇന്നത്തെ ലോകത്തും കണ്ടെത്താൻ ആകും. ദേശരാഷ്ട്രങ്ങൾ ഭരിക്കുന്ന സർക്കാരുകൾ സ്വന്തം ജനത ഓരോന്നും ഒരേ ദേശത്തെ ഒരേ ജനതയാണു് എന്നു സങ്കല്പിക്കുന്നു. എന്നാൽ ഇത്തരം പല രാജ്യങ്ങളിലും ഇതംഗീകരിക്കാത്ത ജനങ്ങൾ വേണ്ടുവോളം ഉണ്ടാകും. ബ്രിട്ടനിൽ സ്കോട്ട്, വെൽഷ് എന്നീ ജനതകളിൽപ്പെട്ടവർ പലരും തങ്ങൾ ബ്രിട്ടീഷ് ദേശത്തിലെ അംഗങ്ങളാണെന്നു കരുതാതെ സ്കോട്ടിഷ്, വെൽഷ് എന്നീ ജനതകളുടെ വ്യത്യസ്ത ദേശങ്ങളിലെ അംഗങ്ങളാണു് എന്നോ സ്കോട്ടിഷ് - ബ്രിട്ടീഷ്കാരോ വെൽഷ് - ബ്രിട്ടീഷ്കാരോ ആണെന്നു കരുതുന്നു. എത്രയോ അറബ് രാജ്യങ്ങൾ, ദേശരാഷ്ട്രങ്ങൾ എന്നപദവിയിൽ ഉണ്ടെങ്കിലും അറബികളിൽ പലരും തങ്ങൾ അറബി ദേശത്തിലെ അംഗങ്ങളാണു് എന്നു കരുതുന്നു. അല്ലാതെ ഇറാക്കുമുതൽ മൊറോക്കോ വരെയും യെമൻ വരെയുള്ള വ്യത്യസ്ത രാഷ്ട്രങ്ങളിലെ വെവ്വേറെ ജനതയായി സ്വയം കരുതുന്നില്ല.

ദേശീയതയേക്കാൾ വംശീയത മുഖ്യമായി കരുതുകയും അങ്ങനെ ദേശീയതയെ അതിവർത്തിക്കണമെന്നു വിശ്വസിക്കയും ചെയ്യുന്ന ആളുകളും ഉണ്ടു്. അത്തരക്കാരെ സംബന്ധിച്ചിടത്തോളം രാഷ്ട്രമെന്ന പരികൽപ്പന അതനുസരിച്ചുള്ള വേറുതിരിവുകൾ ദുർബലവും അപ്രധാനവും ആകുന്നു. അമേരിക്കൻ ആദിവാസികളുടെ സ്ഥിതി മിക്കതും ഇങ്ങനെയാണു്. ആഫ്രിക്കയിലെ വംശവിഭാഗങ്ങൾ, 'വർഗ'ങ്ങളിൽപ്പെട്ടവർ, അതതു ദേശരാഷ്ട്രത്തിന്റെ ജനതയായി സ്വയം കരുതുന്നില്ല.

ദേശരാഷ്ട്രവും ദേശവും ഒന്നല്ല എന്നു വരുകിലും അവ അത്യന്തം ബന്ധപ്പെട്ടതാണ്. ആന്റണിസ്മിത്ത് (വിശേഷിച്ചും സ്മിത്ത് 1991 കാണുക) ദേശങ്ങളെ രണ്ടു വകുപ്പായി തിരിക്കുന്നു. ഒന്ന്, ഒരു ജനവംശം പരിഷ്കരണത്തിനും വിപുലനത്തിനും വിധേയമായി വലിയൊരു ജനവിഭാഗത്തെ ഉൾക്കൊള്ളുന്ന സ്വഭാവവിശേഷങ്ങളോടെ വ്യാപിച്ചിരുന്നതു്. രണ്ടു്, ഒരു രാഷ്ട്രത്തിൽ പൊതുവായ ദേശീയവ്യക്തിത്വം രൂപപ്പെടുകയും അതിന്റെ ഫലമായി മുൻപ് വ്യത്യാസങ്ങൾ ഏറെയുണ്ടായിരുന്ന ജനവിഭാഗങ്ങളെ ഉൾക്കൊണ്ടു കൊണ്ടു് വളരുകയും ചെയ്യുന്നതു്. (399 വാക്ക്)

**Q4.** **താഴെ കൊടുത്തിരിക്കുന്ന ഭാഗം മലയാളത്തിലേക്കു് വിവർത്തനം ചെയ്യുക.** *20*

Raman completed school when he was just eleven years old and spent two years studying in his father's college. When he was only thirteen years old, he went to Madras (which is now Chennai), to join the B.A. course at Presidency College. Besides being young for his class, Raman was also quite unimpressive in appearance and recalls, '... in the first English class that I attended, Professor E.H. Elliot addressing me, asked if I really belonged to the junior B.A. class, and I had to answer him in the affirmative.' He, however, stunned all the sceptics when he stood first in the B.A. examinations.

Seeing what a brilliant student he was, his teachers asked him to prepare for the Indian Civil Services (ICS) examination. It was a very prestigious examination and very rarely did non-Britishers get through it. Yet Raman had impressed his teachers so much that they urged him to take it up at such an early age. In spite of their student's brilliance, the plan was not to work. Raman had to undergo a medical examination before he could qualify to take the ICS test and the Civil Surgeon of Madras declared him medically unfit to travel to England ! This was the only examination that Raman failed, and he would later remark in his characteristic style about the man who disqualified him, 'I shall ever be grateful to this man,' but at that time, he simply put the attempt behind him and went on to study Physics.

Q5. താഴെ കൊടുത്തിരിക്കുന്ന ഭാഗം ഇംഗ്ലീഷിലേക്കു് വിവർത്തനം ചെയ്യുക. 20

വാങ്ങാനും വിൽക്കാനും വേണ്ടി എളുപ്പം കൈമാറ്റം ചെയ്യാവുന്ന എന്തുവസ്തുവിനെയും പണം എന്നു നിർവചിക്കാം. ഇത്രസാധനം വാങ്ങാനുണ്ടു് എന്നതിനു തുല്യമായി ഇത്രസാധനം തരാം എന്ന ഏർപ്പാടാണു് മാറ്റക്കച്ചവടം. ഈ മാറ്റക്കച്ചവടത്തിനു പകരമായി നിലവിൽ വന്നതാണു് പണമുപയോഗിച്ചുള്ള ക്രയവിക്രയം. മാറ്റക്കച്ചവടത്തിനു് പല അസൗകര്യങ്ങളും ഉണ്ടു്. ഇത്ര അളവ് ഇന്ന സാധനത്തിനു തുല്യമാണു് ഇത്ര അളവ് മറ്റൊരു സാധനം എന്നു കൃത്യമായി നിർണയിക്കുക എളുപ്പമല്ല. ക്രയവിക്രയത്തിൽ ഇടപെടുന്ന ഒരാൾ അങ്ങനെ തീരുമാനിച്ചാൽ ആ അളവ് മറ്റൊരാൾക്കു് സ്വീകരിക്കാൻ ആവതില്ല എന്നും വരാം. പണത്തിലുള്ള വിലനിർണയം കൂടുതൽ എളുപ്പമാണു്. അങ്ങനെ കച്ചവടം എളുപ്പമാകുന്നു. വസ്തുക്കൾക്കു പകരമായി നിൽക്കുന്ന പണമെന്ന സവിശേഷവൽകൃത വസ്തു തൊഴിൽ വിഭജനം എളുപ്പമാക്കി വൻതോതിലുള്ള ഉൽപാദനത്തിനു വഴിയൊരുക്കുന്നു. പണം എന്തു വസ്തുകൊണ്ടും നിർമ്മിക്കാം, നിയമവും ആചരണവും അനുവദിച്ചാൽ മതി. അതിന്റെ രൂപം എന്തുമാകാം. എളുപ്പം സ്വീകരിക്കാവുന്നതും ഉപയോഗിക്കാവുന്നതും ആകണമെന്നു മാത്രം. പ്രാകൃതസമൂഹങ്ങളിൽ കന്നുകാലികളും കവടി, അരി, തേയില തുടങ്ങിയവയും പണമായി ഉപയോഗിച്ചു വന്നിരുന്നു. ആധുനികപരിഷ്കൃത രാഷ്ട്രങ്ങളിൽ ലോഹവും കടലാസുമാണു് പണം നിർമ്മിക്കാൻ ഉപയോഗിക്കുന്നതു്. നാണയത്തുട്ടുകളായും നോട്ടുകളായും ഉണ്ടാക്കുന്ന ഇവ പണത്തിന്നുണ്ടായിരിക്കേണ്ടുന്ന മിക്ക ഗുണങ്ങളും ആവഹിക്കുന്നവയാണു് — കൈകാര്യം ചെയ്യാനും കൊണ്ടുനടക്കാനുമുള്ള എളുപ്പം, നീണ്ടകാലം കേടാകാതെ നിൽക്കാനുള്ള കഴിവു്, ഐകരൂപ്യം, സ്വീകാര്യത എന്നിങ്ങനെ. പണം നിർമ്മിക്കുന്നതിനു് പൊന്നും വെള്ളിയും ചെമ്പും നിക്കലും ഉപയോഗിച്ചു വരുന്നു. നോട്ടുകൾ പല വ്യവസ്ഥയനുസരിച്ചും നിർമ്മിക്കുന്നു.

ക്രയവിക്രയമാധ്യമം എന്നതുകൂടാതെ മൂല്യം അളക്കാനും പണം ഉപയോഗിക്കും. ഇങ്ങനെ വ്യത്യസ്തമൂല്യങ്ങൾ താരതമ്യം ചെയ്യാൻ സാധ്യമാകുന്നു. മാറ്റി വെച്ച പ്രതിഫലം എന്നനിലയിൽ കടം എത്രയെന്നു വിലയിടാൻ പണത്തിൽ കണക്കാക്കുമ്പോൾ സാധിക്കുന്നു. മൂല്യാങ്കനത്തെ സംഭരിക്കാൻ തുണചെയ്യുന്നു. മാനകമായ പണവും പ്രതീകമായ പണവും തമ്മിലുള്ള വ്യത്യാസമാണു് പ്രധാനപ്പെട്ട ഒരു വ്യാവർത്തനം. പണമായി എടുത്ത വസ്തുവിന്റെ ശരിയായ മൂല്യം തന്നെയാണു് മാനക പണത്തിൽ പരിഗണിക്കുന്നതു്. പക്ഷേ പ്രതീകമായ പണത്തിനു് അതല്ല മൂല്യം. നോട്ടിന്റെ വില അതു് അച്ചടിച്ച കടലാസിന്റെ വിലയേക്കാൾ എത്രയോ കൂടുതലാണു്. നിയമവും അംഗീകാരവും അതിനു് കല്പിക്കുന്ന മൂല്യമാണു് അതിനുള്ളതു്.

**Q6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദേശമനുസരിച്ച് ഉത്തരമെഴുതുക.**

**(a) വിപരീതാർഥമുള്ള പദങ്ങൾ എഴുതുക :** *2×5=10*

(i) സ്ഥൂലം 2

(ii) ഫലം 2

(iii) നിബിഡം 2

(iv) വിളനിലം 2

(v) താഴെ 2

**(b) സമാനാർഥ പദങ്ങൾ എഴുതുക :** *2×5=10*

(i) പൊരുൾ 2

(ii) വരമൊഴി 2

(iii) തീക്ഷ്ണം 2

(iv) ഉത്ഭവം 2

(v) വാഴ്ത്തുന്നു 2

(c) **തെറ്റുണ്ടെങ്കിൽ തിരുത്തുക :** *2×5=10*

(i) യാദൃശ്ചികം *2*

(ii) ഉച്ഛാരണം *2*

(iii) പീഢനം *2*

(iv) ശ്വാസോഛ്വാസം *2*

(v) അത്താഴപൂജ *2*

(d) **ആശയം വ്യക്തമാക്കിവാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) ധാരാവാഹിയായ *2*

(ii) പമ്പകടക്കുക *2*

(iii) കടകവിരുദ്ധം *2*

(iv) കണക്കിനുകൊടുക്കുക *2*

(v) തിരശ്ശീലവീണു *2*